# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4073** **18.10.2011 ൽ മറുപടിക്ക്**

**റോഡ് ഫണ്ട് ബോർഡിലെ മീഡിയ അഡ്വൈസർ തസ്തികയിൽ നിയമനം**

**ചോദ്യം**
ശ്രീ. പി.റ്റി.എ. റഹീം

**ഉത്തരം**
**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത്‌വകുപ്പു മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) റോഡ് ഫണ്ട് ബോർഡിൽ മീഡിയ അഡ്വൈസർ തസ്തികയിൽ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) കേരള റോഡ് ഫണ്ട് ബോർഡിൽ മീഡിയ അഡ്വൈസറായി കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരു നിയമനം നടത്തിയിട്ടുണ്ട്. |
| (ബി) ഈ തസ്തികയിലെ ശമ്പള സ്കെയിൽ എത്രയാണ്; | (ബി) പ്രതിമാസം 45,000 രൂപയായി ശമ്പളം ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. |
| (സി) മീഡിയ അഡ്വൈസറുടെ ജോലി എന്താണെന്ന് വ്യക്തമാക്കാമോ ? | (സി) കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കിവരുന്ന വിവിധ റോഡു വികസന പദ്ധതികളെപ്പറ്റി ശരിയായ ഒരു അവബോധം പൊതുജനങ്ങൾക്കിടയിൽ സൃഷ്ടിക്കുക, വീതിയേറിയതും മെച്ചപ്പെട്ടതുമായ പുതിയ റോഡുകളുടെ പരിപാലനത്തിലും റോഡുകളിൽ കയ്യേറ്റങ്ങളോ മറ്റുതടസ്സങ്ങളോ ഉണ്ടാകുന്നത് തടയുവാനായി പൊതു സമൂഹത്തിന്റെ സഹകരണം ഉറപ്പാക്കുക, കമാനങ്ങളും കൊടിതോരണങ്ങളും റോഡപകടങ്ങൾക്ക് നിമിത്തമാകാവുന്ന മറ്റ് അലങ്കാരങ്ങളും |

ഒഴിവാക്കുന്നതിനായി ദൃശ്യ - വാർത്താ മാദ്ധ്യമങ്ങൾ വഴി ബോധവത്ക്കരണം നടത്തുക എന്നിവയാണ് പ്രധാനമായും മീഡിയ അഡ്വൈസറുടെ ചുമതലകൾ. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കിവരുന്ന റോഡ് നവീകരണ പ്രവർത്തനങ്ങളെപ്പറ്റി വാർത്താമാദ്ധ്യ-മങ്ങളിൽ വരുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുക, അതിന്മേൽ ബോർഡ് കൈക്കൊള്ളുന്ന അനന്തര നടപടികൾ വാർത്താ മാദ്ധ്യമങ്ങളിൽകൂടി പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുക, ബോർഡിന്റെ പത്രക്കുറിപ്പുകൾ തയ്യാറാക്കുക എന്നീ ചുമതലകളും മീഡിയ അഡ്വൈസറുടെ ജോലിയിൽ വരുന്നു. കൂടാതെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഏറ്റെടുക്കുന്ന ആയിരം കിലോ മീറ്റർ റോഡ് പദ്ധതിയുടെ പി.ആർ ജോലികളും നിർവ്വഹിക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ